# ètude

A Multidisciplinary
Research Journal

Peer Reviewed

## THROUGH THE MAGNIFYING GLASS:
### Modern Perspectives and Innovative Practices in Children's Literature

## മാതൃഭാഷയുടെ രാഷ്ട്രീയം

## हिन्दी साहित्य में प्रतिरोध की संस्कृति

Published by
IQAC
Panampilly Memorial
Government College
Chalakudy

SECTION TWO

# MALAYALAM

# മാതൃഭാഷയുടെ രാഷ്ട്രീയം

# ഉള്ളടക്കം


Internal Peer Review - 2 41
ഡോ. ബി. പാർവ്വതി

1. വിജ്ഞാനഭാഷ – ഭാഷാ സമ്പർക്കവും ഭാഷാധിനിവേശവും 45
ഡോ. പി. പവിത്രൻ

2. മാതൃഭാഷയുടെ രാഷ്ട്രീയം 58
ഡോ. വി. പി. മാർക്കോസ്

3. അന്തോണിയോ ഗ്രാംഷിയും ഭാഷാശാസ്ത്രവും 62
ഡോ. കെ. എം. അനിൽ

4. ഭാഷാപരമായ സാമ്രാജ്യത്വം: ഭാഷാ, ആധിപത്യം എന്നിവയെക്കുറിച്ചുള്ള വിചാരങ്ങൾക്ക് ഒരാമുഖം 76
ഡോ. എം. ആർ. മഹേഷ്

5. എ. ആർ. രാജരാജവർമ്മയുടെയുടെയും മക്തിത്തങ്ങളുടെയും മാതൃഭാഷാസമരങ്ങൾ 83
കെ. കെ. മുഹമ്മദ് ബഷീർ

6. ഭാഷാസമീപനം – പാഠ്യപദ്ധതിതലത്തിൽ 96
ഡോ. മഞ്ജുള കെ. വി.

7. ഭാഷയുടെ ആധുനികീകരണവും മാനകീകരണവും 106
സവിത ഇ.

8. മാതൃഭാഷയും മലയാളിയുടെ സ്വത്വബോധവും 118
ഡോ. ഇന്ദുശ്രീ എസ്. ആർ.

9. അറബിമലയാള ഭാഷയും ലിപ്യന്തരണവും 127
ഫൗസിയ പി. എ.

10. മാതൃഭാഷാവിചാരം പത്തൊമ്പതാം നൂറ്റാണ്ടിൽ 132
ലിന്റോ ഫ്രാൻസിസ്

## Internal Peer Review - 2

# മാതൃഭാഷ ജീവിതമെഴുതുമ്പോൾ

ഡോ. ബി. പാർവ്വതി
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം, പി.എം.ജി. കോളേജ്
ചാലക്കുടി

**മാ**തൃഭാഷയിലൂടെയുള്ള അറിവിനു മാത്രമേ വിനിമയമൂല്യമുള്ളൂ; അന്യഭാഷയിലുള്ള അറിവ് വിദേശകറൻസി കയ്യിൽ വയ്ക്കുന്നതുപോലെയാണ് എന്ന് ജോർജ്ജ് മാത്തൻ പറയുകയുണ്ടായി. അറിവ് നാട്ടിലെ അറിവായി മാറണമെങ്കിൽ സ്വന്തം ഭാഷയിലൂടെ സംവേദനം ചെയ്യപ്പെടണമെന്നും, അപ്പോഴാണ് അത് സാമൂഹികമായ അറിവാകുകയുള്ളൂ എന്നും ഉള്ള തിരിച്ചറിവ് നമുക്കിന്നും ഉണ്ടായിട്ടില്ല. ഒരു ജനത സ്വത്വബോധമുള്ളവരും സാംസ്കാരിക അവബോധമുള്ളവരും ആയി മാറണമെങ്കിൽ മാതൃഭാഷയിലൂടെയുള്ള വിജ്ഞാനാർജ്ജനവും വിനിമയവും കൂടിയേ തീരൂ. ഭരണകൂടവും ജനതയും തമ്മിലുള്ള വിനിമയം മാതൃഭാഷയിൽ ആകുമ്പോഴേ ജനാധിപത്യം സാർത്ഥകമാകുകയുള്ളൂ. അതുകൊണ്ട് കേരളത്തിന്റെ ബോധനമാധ്യമം മലയാളമാകണം; കേരളത്തിന്റെ ഭരണഭാഷയും കോടതിഭാഷയും മലയാളമാകണം; കേരളത്തിലെ ഉദ്യോഗാർത്ഥികൾക്കുള്ള മത്സരപ്പരീക്ഷകളിൽ മലയാളഭാഷയിലുംകൂടി ചോദ്യം നൽകണം – എന്നൊക്കെ പറയുമ്പോൾ മലയാളത്തോടുള്ള കാല്പനികമായ അഭിനിവേശമല്ല പ്രവർത്തിക്കുന്നതെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ തിരിച്ചറിവിന്റെ ആധാരവും മാനങ്ങളും ചർച്ചചെയ്യുന്ന പ്രബന്ധങ്ങളാണ് 'മാതൃഭാഷയുടെ രാഷ്ട്രീയം' എന്ന സെമിനാറിൽ (2017 ഡിസംബർ 7, 8) അവതരിപ്പിക്കപ്പെട്ടത്. ഈ ജേർണലിലെ മലയാള ഭാഷാവിഭാഗത്തിൽ ആ പ്രബന്ധങ്ങളാണ് ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്.

'വിജ്ഞാനഭാഷ: ഭാഷാസമ്പർക്കവും ഭാഷാധിനിവേശവും' എന്ന ലേഖനത്തിൽ ഡോ. പി. പവിത്രൻ മാതൃഭാഷയുടെ രാഷ്ട്രീയത്തിന് സൗന്ദര്യാത്മക സാംസ്കാരികതലത്തിലും രാഷ്ട്രീയതലത്തിലും മനുഷ്യാവകാശതലത്തിലും വിവിധ മാനങ്ങൾ ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് ആധുനിക വിജ്ഞാനത്തിന്റെ ഭാഷകളായി കണക്കാക്കപ്പെടുന്ന യൂറോപ്യൻ ഭാഷകൾ എങ്ങനെ ഈ നിലയിലെത്തിച്ചേർന്നു എന്ന് ചരിത്രപരമായി വിശദീകരിക്കുകയാണ് അദ്ദേഹം. നവോത്ഥാന കാലഘട്ടത്തോടെ, ഇറ്റാലിയൻഭാഷ ഇറ്റലിയുടേയും ഇംഗ്ലീഷ് ഭാഷ ഇംഗ്ലീഷുകാരുടേയും ഫ്രഞ്ചുഭാഷ ഫ്രഞ്ചുകാരുടേയും ജർമ്മൻഭാഷ ജർമ്മൻകാരുടേയും വിനിമയഭാഷയായി വികസിച്ചതെങ്ങനെ എന്ന്

അദ്ദേഹം ചൂണ്ടിക്കാണിക്കുകയാണ്. അങ്ങനെ മാതൃഭാഷയുടെ ജനകീയമായ രാഷ്ട്രീയം എന്താണെന്ന് അദ്ദേഹം നമ്മെ ബോധ്യപ്പെടുത്തുന്നു. ലത്തീനിൽനിന്ന് മാതൃഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്ത് മാർട്ടിലൂഥർ മതനവീകരണത്തിനു തുടക്കംകുറിച്ചു. ഇംഗ്ലീഷുഭാഷയ്ക്കുവേണ്ടി ഇംഗ്ലണ്ടിൽ രംഗത്തിറങ്ങിയ ഒട്ടേറെ പണ്ഡിതർ ഇംഗ്ലീഷിന് മറ്റു ഭാഷകളിൽനിന്ന് പല പദങ്ങളേയും സ്വീകരിക്കേണ്ടതിന്റെ ആവശ്യം ബോധ്യപ്പെടുത്തി. കോടതിഭാഷ ഇംഗ്ലീഷാകണമെന്നു നിർബന്ധപൂർവ്വം തീരുമാനിച്ചു. ലത്തീനുപകരം വ്യവഹാരങ്ങളിൽ ഇംഗ്ലീഷിനെ സ്ഥാപിച്ചു. ഫ്രഞ്ചുകാരാകട്ടെ ഭാഷാസൂത്രണം അക്കാദമിയുടെ അഥവാ ഭരണകൂടത്തിന്റെ ചുമതലയായെടുത്തു. ഇവരെയൊക്കെ ഉദാഹരിച്ചുകൊണ്ട് മലയാളം നമ്മുടെ ജീവിതവ്യവഹാരത്തിന്റെ എല്ലാ മേഖലകളിലും പ്രയോഗസജ്ജമാകണമെങ്കിൽ എങ്ങനെയൊക്കെ ഭാഷാസൂത്രണം ആവശ്യമായിവരും എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

യഥാർത്ഥ ജനാധിപത്യം കേരളത്തിൽ സാധ്യമാകണമെങ്കിൽ എല്ലാവർക്കും ഒരുപോലെ വിദ്യാഭ്യാസ അവസരം ലഭിക്കണമെന്നും, ഭരണപങ്കാളിത്തവും നീതിനിർവ്വഹണത്തിൽ തുല്യതയും ലഭിക്കണമെന്നും അതിനുള്ള സാഹചര്യം ഒരുങ്ങണമെങ്കിൽ സമസ്തവ്യവഹാരമേഖലകളിലും മലയാളം തന്നെ ഉപയോഗിക്കണമെന്നും യുക്തിയുക്തം സമർത്ഥിക്കുന്ന ലേഖനമാണ് ഡോ.വി.പി. മാർക്കോസിന്റെ 'മാതൃഭാഷയുടെ രാഷ്ട്രീയം' എന്നത്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തവർക്ക് ഉന്നതവിദ്യാഭ്യാസം സാധ്യമാകില്ലെന്നും, നാട്ടിലെ പ്രവേശനപരീക്ഷകളും തൊഴിൽപരീക്ഷകളും എഴുതാനാവില്ലെന്നും വരുന്നത് ന്യൂനപക്ഷക്കാരായ ഉന്നതവർഗ്ഗത്തിന്റെ അധീശത്വത്തിലാണ് സമൂഹത്തെ കൊണ്ടെത്തിക്കുന്നത് എന്ന് മാർക്കോസ് യുക്തിയുക്തം സമർത്ഥിക്കുന്നു.

അന്തോണിയോ ഗ്രാംഷിയുടെ ഭാഷാശാസ്ത്രസങ്കല്പനങ്ങളിൽനിന്ന് മാതൃഭാഷയ്ക്കുവേണ്ടിയുള്ള ദിശാബോധം നേടിയെടുക്കാനുള്ള ശ്രമമാണ് ഡോ. അനിൽ കെ. എം. ന്റെ പ്രബന്ധം. ഭാഷ സാമൂഹികമാണ്; യാന്ത്രികമോ ജൈവികമോ അല്ല. ഭാഷയെ പുനരുല്പാദിപ്പിക്കുന്ന ഘടനകൾ ചരിത്രപരമായി രൂപംകൊള്ളുന്നവയാണ് എന്ന് ഗ്രാംഷി ചൂണ്ടിക്കാണിക്കുന്നു. എഴുതപ്പെട്ട വ്യാകരണനിയമങ്ങളാണ് ഭാഷയെ മാനകീകരിക്കുന്നത്. കീഴാളഭാഷയിൽ ഭാഷാവ്യാകരണം അനിച്ഛാപൂർവ്വമാണ് പ്രവർത്തിക്കുന്നതെന്ന് ഗ്രാംഷി പറയുന്നു. ഭാഷയുടെ മാനകീകരണത്തിൽ കീഴാളഭാവനകളെ ഉൾച്ചേർക്കുമ്പോൾ മാത്രമാണ് ഭാഷയിലെ അധീശവർഗ്ഗത്തിന്റെ ആധിപത്യത്തെ ചെറുക്കാനാകുക. എസ്പെരാന്റോ എന്ന ലോകഭാഷ ഉണ്ടാക്കാനുള്ള ശ്രമത്തോട് ഗ്രാംഷി യോജിച്ചില്ല. ഭാഷയുടെ ഏകീകരണത്തെ മുകളിൽനിന്ന് അടിച്ചേല്പിക്കാനുള്ള ശ്രമമാണതെന്നും, അധീശവർഗ്ഗം കീഴാളവർഗ്ഗത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ഒരു കൃത്രിമഭാഷയാകും അതെന്നും ഗ്രാംഷി വിമർശിച്ചു.

ഗ്രാംഷിയുടെ ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഇന്ത്യൻഭാഷകൾക്കുമേൽ അടിച്ചേല്പിക്കപ്പെട്ട കൃത്രിമമായ ഒരു ഭാഷയാണെന്ന് കെ. എം. അനിൽ ചൂണ്ടിക്കാണിക്കുന്നു. വിജ്ഞാനത്തിന്റെ ഭാഷ ഇംഗ്ലീഷാണെന്ന് നാം ഉറച്ചുവിശ്വസിക്കുന്നു. അതുകൊണ്ട് മലയാളം സാഹിത്യത്തിന്റെയും കലയുടേയും ഭാഷ എന്നതിനപ്പുറം വളർന്നിട്ടില്ല. മലയാളം അധ്യയനമാധ്യമവും ഭരണഭാഷയും ആകുമ്പോൾ മാത്രമേ മലയാളത്തിന് വിമോചനത്തിന്റെ ഭാഷയാകാൻ കഴിയൂ എന്ന് കെ. എം. അനിൽ ചൂണ്ടിക്കാണിക്കുന്നു. ഗ്രാംഷിയുടെ ഭാഷാശാസ്ത്രസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരത്തെ സാധൂകരിക്കുന്ന ഈ പഠനം വളരെ സാർത്ഥകമാണ്.

റോബർട്ട് ഫില്ലിപ്സന്റെ ഭാഷപരമായ സാമ്രാജ്യത്വം (Linguistic Imperialism) എന്ന പുസ്തകത്തെ മുൻനിർത്തി ഇംഗ്ലീഷ് കോളനിഭരണകാലത്തും തുടർന്നുള്ള കോളനിയനന്തരകാലത്തും എങ്ങനെയാണ് ഒരു മർദ്ദകഭാഷയായി തുടരുന്നത് എന്ന് ഡോ. എം. ആർ. മഹേഷിന്റെ ലേഖനത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. ദേശീയത, വംശം, വർഗം എന്നിവയിലെല്ലാമുള്ള അസമത്വങ്ങളെ അരക്കിട്ടുറപ്പി